കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ പഞ്ചായത്തുകളിലെ കെട്ടിടങ്ങൾക്ക് ഏകീകൃത തിരിച്ചറിയൽ നമ്പർ പ്ലേറ്റ് നൽകുന്നതിന് നമ്പർ പ്ലേറ്റുകളുടെ ഗുണനിലവാരം, നിരക്ക് എന്നിവ പരിശോധിച്ച് അംഗീകരിക്കുന്നതിന് കമ്മറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ)നം. 1974/2015/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 30.6.2015.

പരാമർശം:

1) കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ കാസർഗോഡ് ജില്ലാ കമ്മിറ്റി സമർപ്പിച്ച അപേക്ഷ.
2) 14.10.2014-ലെ ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്സ്.
3) പഞ്ചായത്ത് ഡയറക്ടറുടെ 04/11/2013, 03/09/2014, 16/02/2015, 06/04/2015, 06/06/2015 തീയതികളിലെ സി3-37306/2013 നമ്പർ കത്തുകൾ.

**ഉത്തരവ്**

14.10.2014-ലെ ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ കെട്ടിടങ്ങൾക്ക് ഏകീകൃത സവിശേഷ തിരിച്ചറിയൽ നമ്പർ നൽകുന്നതിനും പ്രസ്തുത യുണീക്ക് നമ്പർ പ്ലേറ്റിൽ ഉൾക്കൊള്ളിക്കേണ്ട മറ്റ് വിവരങ്ങൾ സംബന്ധിച്ചും നിർവഹണ ഏജൻസിയെ നിശ്ചയിക്കുന്നത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടുകൾ സർക്കാർ വിശദമായി പരിശോധിച്ചു. പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ഏകീകൃത സവിശേഷ തിരിച്ചറിയൽ നമ്പർ നൽകുന്നതിന് യുണീക്ക് നമ്പരിനോടോപ്പം നമ്പർപ്ലേറ്റിൽ ചേർക്കേണ്ട താഴെ പറയുന്ന വിവങ്ങൾ ഉൾക്കൊള്ളത്തക്ക വിധത്തിൽ പരിശോധിച്ച് നമ്പർപ്ലേറ്റ് നൽകുന്നതിനും മറ്റും സാങ്കേതിക പരിജ്ഞാനമുള്ളവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കർ തീരുമാനമെടുത്തു.

1) ഗ്രാമപഞ്ചായത്തിന്റെ പേര്, വാർഡ് നമ്പർ, കെട്ടിടനമ്പർ (പുതുതായി തയാറാക്കുന്ന ഏകീകൃത സവിശേഷ തിരിച്ചറിയൽ നമ്പർ),വില്ലേജിന്റെ പേര്, സ്ഥലത്തിന്റെ സർവ്വേനമ്പർ, നമ്പർ പ്ലേറ്റ് വിതരണം ചെയ്ത തീയതി.

2) മാഞ്ഞ് പോകാത്തതും നശിക്കാത്തതും പെട്ടെന്ന് തിരിച്ചറിയാൻ കഴിയുന്നതും ഗുണനിലവാരമുള്ളതുമായ പ്ലേറ്റ്, പ്ലേറ്റിന്റെ വലുപ്പം (നീളം, വീതി, കനം), പശ്ചാത്തലതിന്റെയും, രേഖപ്പെടുത്തലു കളുടെയും സർക്കാർ മുദ്രയുടെയും നിറം.

2..../-

3) ഇത്തരത്തിൽ ഒരു നമ്പർ പ്ലേറ്റിന്റെ നിർമ്മാണത്തിനായി എത്ര രൂപ ചിലവാകുമെന്ന് കണക്കാക്കി കുറഞ്ഞതും കൂടിയതുമായ തുക തീരുമാനിക്കുക.

4) മറ്റ് അധിക വിവരങ്ങൾ ചേർക്കേണ്ടതുണ്ടോ എന്ന കാര്യങ്ങൾ പരിശോധിക്കുക.

5) നമ്പർ പ്ലേറ്റ് തയാറാക്കി പരിശോധനക്ക് സമർപ്പിക്കാൻ കമ്പനികളിൽ നിന്നും EOI (Expression of Interest) ക്ഷണിക്കുക.

പ്രസ്തുത ആവശ്യത്തിനായി എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ, I.K.M. (Information Kerala Mission) എക്സിക്യൂട്ടീവ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി താഴെ പറയും പ്രകാരം രൂപീകരിച്ച്, ടി വിഷയത്തിൽ എത്രയും വേഗം നടപടിയെടുക്കുവാൻ ചുമതലപ്പെടുത്തുന്നു.

| | | |
|---|---|---|
| പഞ്ചായത്ത് ഡയറക്ടർ | - | ചെയർമാൻ |
| എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർ | - | മെമ്പർ |
| ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ | - | മെമ്പർ |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എ.പി.എം. മൊഹമ്മദ് ഹനീഷ്,
സെക്രട്ടറി
തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം.
ഡയറക്ടർ, Information Kerala Mission, Thiruvananthapuram.
ഇൻഫർമേഷൻ കേരള മിഷൻ, Thiruvananthapuram(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (LBA&A), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.